**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5467** **03-11-2021 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അവയവം ലഭിക്കാനായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം എത്രയാണെന്നും അതിൽ വൃക്ക, കരൾ എന്നിവ ലഭിക്കാനായി രജിസ്റ്റർ ചെയ്തവരുടെ എണ്ണം തരം തിരിച്ചും വ്യക്തമാക്കാമോ; | (എ) | വിവിധ അവയവങ്ങൾക്കായി 3364 രോഗികൾ മൃതസഞ്ജീവനി പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 28.10.2021 ലെ കണക്കു പ്രകാരം 687 രോഗികൾ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കും 2028 രോഗികൾ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കും വേണ്ടിയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | മൃതസഞ്ജീവനി പദ്ധതി വഴി നാളിതുവരെ നൽകിയത് എത്ര അവയവങ്ങളാണെന്നും അതുവഴി എത്ര പേരുടെ ജീവൻ നിലനിർത്താൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | മൃതസഞ്ജീവനി പദ്ധതി വഴി നാളിതുവരെ 328 മരണാനന്തര അവയവ ദാതാക്കളിൽ നിന്നുമായി 929 അവയവ മാറ്റശസ്ത്രക്രിയകൾ നടത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | ഇടനിലക്കാർ അവയവക്കച്ചവടത്തിന്റെ മറവിൽ ലക്ഷങ്ങളുടെ ഇടപാട് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് 209/സി.ബി/ടി.എസ്.ആർ/2020 എന്ന ക്രൈം നമ്പരിൽ തൃശ്ശൂർ ക്രൈംബ്രാഞ്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പരാതി ലഭിച്ചാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന് 07.07.2021 ലെ 327/ടി.ഡി.ആർ/സി.ബി.ഐ/ ടി.എസ്.ആർ/2021 നമ്പർ കത്ത് മുഖേന തൃശ്ശൂർ ക്രൈംബ്രാഞ്ച് സൂപ്രണ്ട് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര പേർക്കെതിരെ/എത്ര സംഘടനകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ഡി) | ഈ വിഷയവുമായി ബന്ധപ്പെട്ട് 209/സി.ബി/ടി.എസ്.ആർ/2020 എന്ന ക്രൈം നമ്പരിൽ തൃശ്ശൂർ ക്രൈംബ്രാഞ്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പരാതി ലഭിച്ചാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന് 07.07.2021 ലെ 327/ടി.ഡി.ആർ/സി.ബി.ഐ/ ടി.എസ്.ആർ/2021 നമ്പർ കത്ത് മുഖേന തൃശ്ശൂർ ക്രൈംബ്രാഞ്ച് സൂപ്രണ്ട് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | അവയവദാനം സുതാര്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ് പ്ലാന്റ് ഓർഗനൈസേഷൻ (കെസോട്ടോ) എന്ന പേരിൽ സൊസൈറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഇ) | കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) തിരുവിതാംകൂർ-കൊച്ചി ലിറ്ററി, സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം സൊസൈറ്റി ആയി രൂപീകരിക്കുന്നതിന് 06.08.2021 ലെ സ.ഉ (കൈ) നം. 146/2021/ ആ.കു.വ പ്രകാരം അനുമതി നൽകുകയും സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെയും കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് നോഡൽ ഓഫീസറെയും ചുമതലതപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 22.09.2021 ന് കെ-സോട്ടോ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. (രജിസ്ട്രേഷൻ നം. TVM/TC/669/2021) |

സെക്ഷൻ ഓഫീസർ